**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4916** **20-07-2022 - ൽ മറുപടിയ്ക്ക്**

**കിച്ചൺ കം സ്റ്റോർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2016-ൽ സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകൾക്കായി കേന്ദ്രഫണ്ടും സംസ്ഥാന ഫണ്ടും ചേർത്ത് കിച്ചൺ-കം-സ്റ്റോർ നിർമ്മിക്കുന്നതിനായി അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; പദ്ധതിക്കായി എത്ര സ്കൂളുകളെയാണ് തെരഞ്ഞെടുത്തിരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | (എ) **സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ കിച്ചൺ-കം-സ്റ്റോർ നിർമ്മിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 എന്ന അനുപാതത്തിൽ ആകെ 21097.09/- ലക്ഷം (ഇരുപത്തൊന്നായിരത്തി തൊണ്ണൂറ്റേഴ് ലക്ഷത്തി ഒൻപതിനായിരം രൂപ മാത്രം ) രൂപ അനുവദിച്ചിട്ടുണ്ട്. 3031 സ്കൂളുകളിൽ കിച്ചൺ - കം - സ്റ്റോർ നിർമ്മിക്കുന്നതിനാണ് പ്രസ്തുത തുക അനുവദിച്ചത്. പദ്ധതി അടങ്കൽ തുകയുടെ കേന്ദ്രവിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നത് 2017-18 വർഷമാണ്. 2016-17 വർഷാവസാനം സംസ്ഥാന മാൻഡേറ്ററി വിഹിതത്തിന്റെ ഒരു ഭാഗം സംസ്ഥാന സർക്കാർ റിലീസ് ചെയ്യുകയുണ്ടായി. കേന്ദ്ര വിഹിതവുംസംസ്ഥാന മാൻഡേറ്ററി വിഹിത ത്തിന്റെ ബാലൻസ് തുകയും ചേർന്ന13766.69 ലക്ഷം രൂപ 2020-21 സാമ്പത്തിക വർഷം അനുവദിക്ക കയും ചെയ്തിട്ടുണ്ട്.** |
| (ബി) | തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ, പ്രവൃത്തി പൂർത്തിയായിട്ടുള്ളവ, പുരോഗമിക്കുന്നവ, ഇതുവരെ ആരംഭിക്കാത്തവ എന്നിങ്ങനെയുള്ള വിവരം തരം തിരിച്ച നൽകാമോ; | (ബി) | 120 സ്കൂളുകളിൽ പാചകപ്പുര-കം-സ്റ്റോർ യൂണിറ്റുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 178 സ്കൂളുകളിൽ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. 2733 സ്കൂളുകളിൽ നിർമ്മാണം ആരംഭിച്ചിട്ടില്ല (ഇതിൽ 39 സ്കൂളുകൾ തുക ആവശ്യമില്ലാ യെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്) |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രവൃത്തികൾക്കായി ഇതുവരെ ചെലവഴിച്ച തുക എത്രയെന്നും ഇനി ചെലവഴിക്കാനുള്ള തുക എത്രയെന്നും വ്യക്തമാക്കാമോ; | (സി) | പ്രസ്തുത പ്രവൃത്തികൾക്കായി ഇതുവരെ 8,57,04,358(എട്ട് കോടി അമ്പത്തിയേഴ് ലക്ഷത്തി നാലായിരത്തി മുന്നൂറ്റി അമ്പത്തെട്ട് രൂപ മാത്രം) രൂപ ചെലവഴിച്ചിട്ടുണ്ട്. 202,40,04,642 (ഇരുന്നൂറ്റി രണ്ട് കോടി നാൽപ്പത് ലക്ഷത്തി നാലായിരത്തി അറുന്നൂറ്റി നാൽപ്പത്തിരണ്ട് രൂപ മാത്രം) രൂപ ഇനി ചെലവഴിക്കാനുണ്ട്. |
| (ഡി) | പ്രവൃത്തി പൂർത്തീകരിച്ചവയ്ക്കുള്ള തുക മാറി നൽകിയിട്ടുണ്ടോ എന്നത് വ്യക്തമാക്കാമോ; പ്രവൃത്തികൾ പൂർത്തീകരിച്ച വകയിൽ തുക മാറി നൽകുന്നതിന് കാലതാമസം ഉണ്ടായെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ; | (ഡി) | പ്രവൃത്തി പൂർത്തീകരിച്ച 87 സ്കൂളുകൾക്ക് പൂർണ്ണമായും ഒരു സ്കൂളിന് ഭാഗികമായും തുക മാറിയെടുക്കാൻ സാധിച്ചിട്ടുണ്ട്. ട്രഷറി അലോട്ട്മെന്റായാണ് 2020-21, 2021-2022 വർഷങ്ങളിൽ സ്കൂളുകൾക്ക് തുക ലഭ്യമാക്കിയിരുന്നത്. ടി തുക മാറി സ്കൂളുകളുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടുകളിൽ താത്ക്കാലികമായി നിക്ഷേപിക്കുവാനും തുടർന്ന് അത് വിനിയോഗിച്ച് നിർമ്മാണ പ്രവർത്ത നങ്ങൾ നടത്തുവാനുമായിരുന്നു സർക്കാർ നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് ചില സാങ്കേതിക തടസ്സങ്ങൾ നിലനിന്നിരുന്നതിനാലാണ് ടി പ്രവൃത്തികൾ പൂർത്തീകരിച്ച വകയിൽ സ്കൂളുകൾക്ക് തുക മാറി എടുക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളത്. |
| (ഇ) | തുക മാറി നൽകിയിട്ടില്ലായെങ്കിൽ ആയത് മാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; സ്കൂളുകൾക്ക് അനുവദിച്ച തുക റ്റി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് നൽകേണ്ട എന്ന നിർദ്ദേശം ധനകാര്യവകുപ്പിൽ നിന്നും ലഭിച്ചിരുന്നോ; എങ്കിൽ അക്കാര്യം വ്യക്തമാക്കാമോ; | (ഇ) | തുക ലഭിച്ചിട്ടില്ലാത്ത സ്കൂളുകൾക്ക് ആയത് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കിച്ചൺ - കം - സ്റ്റോർ നിർമ്മാണത്തിന് ട്രഷറി അലോട്ട്മെന്റായി നൽകിയ തുകമുൻകൂറായി മാറി സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നതിന് പകരം ഡി.ബി.റ്റി ആയി തുക ചെലവഴിക്കുന്നതിനായുള്ള ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത പദ്ധതി പ്രകാരം ഫണ്ട് അനുവദിച്ച് ഉത്തരവായിട്ടുള്ള സ്കൂളുകൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഫണ്ട് ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗം എന്താണെന്ന് വിശദമാക്കാമോ? | (എഫ്) | നടപടി സ്വീകരിക്കുന്നതാണ്. സ്കൂളുകളിൽ നിന്നുള്ള വിവര ശേഖരണ ത്തിന്റെ അടിസ്ഥാനത്തിൽ 2021 – 2022 സാമ്പത്തിക വർഷം ട്രഷറിക ളിൽ നിന്നും മാറിയെടുക്കുവാൻ സാധി ക്കാത്ത തുകയെത്രയെന്ന് കൃത്യമായി തിട്ടപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ